പ്രീയൂണിവേഴ്സിറ്റിക്കു് ഷിഫ്റ്റ്സമ്പ്രദായം.

* 851. [22] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര കാളേജുകളിൽ പ്രീയൂണിവേഴ്സിറ്റിക്കു് ഷിഫ്റ്റുസമ്പ്രദായം നിലവിലിരിക്കുന്നുണ്ടു് ;

(ബി) പ്രീയൂണിവേഴ്സിറ്റിക്കു് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്കു് പ്രവേശനം നൽകിയിട്ടുള്ള കാളേജു് ഏതാണു് ;

(സി) മൊത്തം എത്ര വിദ്യാർത്ഥികൾ മേൽപറഞ്ഞ കാളേജിൽ പ്രീയൂണിവേഴ്സിറ്റിക്കു് പഠിക്കുന്നുണ്ടു്;

(ഡി) സംസ്ഥാനത്തെ കാളേജുകളിൽ ഇന്നനുവേപ്പെട്ടുകൊണ്ടിരിക്കുന്ന തിരക്കു് കുറക്കുന്നതിനുള്ള ഒരു മാർഗ്ഗം എന്ന നിലക്കു് പ്രീയൂണിവേഴ്സിറ്റി ക്ലാസ്സുകൾ സെക്കണ്ടറിസ്കൂളുകളോടനുബന്ധിച്ചു നടത്തുന്നതിനു് ഗവണ്മെൻറു് സത്വര നടപടികൾ സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) എട്ടു കാളേജുകളിൽ.

(ബി) ഇൻറർമീഡിയറ്റു് കാളേജു്, തിരുവനന്തപുരം.

(സി) 1140 കാഷ്വൽ വിദ്യാർത്ഥികൾ.

(ഡി) ഇതിനെപ്പറ്റി യൂണിവേഴ്സിറ്റിയാണു് പരിഗണിക്കേണ്ടതു്.

## Exemption From Test Rules.

* 852. [23] **Smt. O. T. Sarada Krishnan :** Will the Minister for Home Affairs be pleased to state :

(a) whether G. O. No. 1182 Services C. Dept. dated 30th September 1958 enables the Government Servants allotted from Madras State, aged not less than 45 years with 20 or more years service to get promotion without passing departmental and special tests ;

(b) if so, will the Honourable Minister be pleased to state how many U pper Division clerks of the Revenue Department in Malabar area were promoted on the basis of the above G. O.

(c) how many petitions were received from such U. D. Clerks from Kozhikode District and how many of them were rejected ; and

(d) why were the claims of Shri K. M. Abu Baker, Huzur Treasurer, Kozhikode overlooked when U. D. Clerks having lesser service were included in the Deputy Tahsildar's list for 1959 ?

*Minister for Home Affairs* **(Shri P. T. Chacko) :**

(a) Yes.

(b) Two Upper Division Clerks, one each in the districts of Palghat and Cannanore, were promoted on the basis of G. O. No. 1182 Services dated 30-9-1958.

(c) It is reported that the exact number of petitions received is not now available. But all the petitions received are reported to have been rejected.

LIBRARY ARCHIVES Kerala Legislative Assembly

(d) The claims of Shri K. M. Abu Baker, Huzur Treasurer, Kozhikode for inclusion in the Deputy Tahsildar's list for 1959 was rejected both by the Board of Revenue and the Government as he was not found fit for inclusion on merits.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ഗവണ്മെൻറിന്റെ ഈ ഉത്തരവു നടപ്പിൽവരുത്തുവാൻ കാലതാമസം നേരിട്ടതുകൊണ്ടു് പല ഉദ്യോഗസ്ഥന്മാക്കും അതിന്റെ ആനുകൂല്യം കിട്ടാതെ പോകുന്നുവെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ ?

ശ്രീ. പി. ടി. ചാക്കോ : ഈ ഉത്തരവു പരിഗണനയിൽ വച്ചുകൊണ്ടു് പ്രമോഷൻ കൊടുക്കുന്നതുകൊണ്ടു് ഉദ്യോഗസ്ഥന്മാക്ക് ആനുകൂല്യം കിട്ടുന്നുണ്ടു്.

## SHORT NOTICE

## QUESTIONS AND ANSWERS

### പ്രാസിക്യൂഷൻ നടപടികൾ.

* 853. [7] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഏപ്രിൽ മുതൽ സെപ്റ്റംബർ 30–ാം തീയതി വരെ തൊഴിൽ തർക്കങ്ങളെ തുടർന്നുണ്ടായിട്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥകൾ ലംഘിച്ചതിനു് എത്ര തൊഴിലുടമകളുടെ പേരിൽ പ്രാസിക്യൂഷൻ നടപടികൾ സ്വീകരിച്ചിരുന്നു ;

(ബി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട തട്ടിൽ റബ്ബർ എസ്റ്റേറ്റു മാനേജ്മെൻറിന്റെ പേരിൽ എന്തെങ്കിലും ശിക്ഷണനടപടികൾ സ്വീകരിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ അത്തരത്തിലൊരു നടപടി സ്വീകരിക്കുവാനുണ്ടായ കാരണമെന്തു് ;

(ഡി) ഈ നടപടി ഇപ്പോൾ ഗവണ്മെൻറു് പിൻവലിച്ചുവോ ;

(ഈ) എങ്കിൽ അതിനുള്ള കാരണമെന്തു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) രണ്ടു് തൊഴിലുടമകളുടെ പേരിൽ.

(ബി) പ്രസ്തുത മാനേജ്മെൻറിന്റെ പേരിൽ തൃശ്ശൂർ അസിസ്റ്റൻറു് ലേബർ ആഫീസർ, എറണാകുളം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ ഒരു കേസു് ഫയൽ ചെയ്തിരുന്നു.

(സി) തൊഴിലാളികൾതന്നെ പാർട്ടിസൗകര്യങ്ങളെ സംബന്ധിച്ചു് പ്ലാന്റേഷൻ ലേബർ ആക്റ്റിന്റെ 16–ാം വകുപ്പു്, കേരള പ്ലാന്റേഷൻ റൂൾസിലെ 55–ാം 56–ാം വകുപ്പുകൾ ലംഘിച്ചു എന്ന കാരണത്താൽ.

(ഡി) ഈ കേസു് പിൻവലിക്കാൻ ലേബർ കമ്മീഷണറോടു് നിർദ്ദേശിച്ചിട്ടുണ്ടു്.

(ഇ) നിയമപ്രകാരമുള്ള എല്ലാ നടപടികളും കാലവിളംബമെന്യേ ചെയ്തു തീർക്കാറാകുമെന്നു് മാനേജ്മെൻറു് ഗവണ്മെൻറിനു് ഉറപ്പു നൽകിയിട്ടുണ്ടു്. കൂടാതെ കോടതിയിൽ കൊടുത്തിട്ടുള്ള പ്രോബേറ്റു് പെറ്റീഷനിൽ ഉത്തരവാകാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകളും തോട്ടം ഉടമ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടു്. ഇവകളെല്ലാം കണക്കിലെടുത്തുകൊണ്ടാണു് കേസു് പിൻവലിക്കാൻ തീരുമാനിച്ചതു്.

2/154/V

LIBRARY ARCHIVES Kerala Legislative Assembly